# നെൽകൃഷി സംസ്കാര സംരക്ഷണ വാരത്തിന് തുടക്കം കുറിച്ചു

**മാർച്ച് 13, നല്ലപാറ, ടാൻഗായിൽ, ബംഗ്ലാദേശ്**

ഇക്കഴിഞ്ഞ മാർച്ച് 13-ന് ബംഗ്ലാദേശിലെ ടാൻഗായിൽ ജില്ലയിലുള്ള നല്ലപാറ ഗ്രാമത്തിൽ നെൽകൃഷി സംസ്കാര സംരക്ഷണ വാരത്തിന് തുടക്കം കുറിച്ചു. 750 ഓളം കുടുംബങ്ങളുള്ള ഈ ഗ്രാമം പൂർണ്ണമായും ജൈവകൃഷിയിലേക്ക് മാറിയിട്ട് 10 വർഷങ്ങളായി. ഈ ഗ്രാമത്തിൽ പണ്ടുണ്ടായിരുന്ന നെൽവിത്തുകളിൽ 227 എണ്ണം ഇന്ന് ഇവിടുത്തെ കർഷകർ തിരികെ തങ്ങളുടെ കൃഷിയിടത്തിൽ വളർത്തുന്നുണ്ട്. ഗ്രാമത്തിലെ എല്ലാ കർഷകർക്കും തങ്ങളുടെ വിത്തിന്റെ ഒരു പങ്ക് പൊതുവായ സ്ഥലത്ത് സൂക്ഷിച്ച് വയ്ക്കുന്നു. വിത്ത് സംരക്ഷണത്തിന്റെ മേൽനോട്ടം സ്ത്രീകൾക്കാണ്. നെല്ലിനെ കുറിച്ചുള്ള പാട്ടുകളും നൃത്തവും ഇവിടുത്തെ കുട്ടികളിൽ നിറഞ്ഞു നില്ക്കുന്നു. നെല്ലിനു പുറമേ ഗോതമ്പ്, പച്ചക്കറികൾ, വിവിധ മരങ്ങൾ, പശുക്കൾ, കാളകൾ, കോഴികൾ, മത്സ്യങ്ങൾ, പക്ഷികൾ . . . ഇവരുടെ ജീവിതത്തിൽ നിറഞ്ഞു നിൽക്കുന്ന ആനന്ദം ഉത്ഘാടനവേളയിൽ പ്രതിഫലിച്ചു.

ഉത്ഘാടനവേളയിൽ കുട്ടികളും സ്ത്രീകളും പുരുഷന്മാരും പാട്ടു പാടുകയും നെൽവിത്ത് കൈകളിലെടുത്ത് പരസ്പരം കൈമാറുകയും ചെയ്തു. നെൽവിത്ത് സംരക്ഷണത്തിൽ പ്രഗത്ഭയായ നബിയ ബീഗം ഉറക്കെ പറഞ്ഞു "ഞങ്ങളുടെ രക്തം കൊടുത്താലും ഞങ്ങളുടെ വിത്ത് ഞങ്ങൾ സൂക്ഷിക്കും''. ബംഗ്ലാദേശിലെ യുബിനിഗം (Policy Research for Development Alternative) എന്ന സംഘടനയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായ ഫരീദാ അക്തർ, മലേഷ്യയിൽ നിന്നുള്ള ക്ലെയർ വെസ്റ്റഫുഡ്, കേരളത്തിൽ നിന്നുള്ള ഉഷ തുടങ്ങിയവരും സംസാരിച്ചു. ജനിതകമാറ്റം വരുത്തിയ നെല്ല് ഏഷ്യയിലെ വയലുകളാൽ കൃഷി ചെയ്യാൻ അനുവദിയ്ക്കില്ലെന്ന് എല്ലാവരും ഒരുമിച്ച് ശക്തമായി പറഞ്ഞു. ഏഷ്യൻ ജനതയുടെ വളർച്ചയ്ക്ക് പാരിസ്ഥിതികമായും സാംസ്കാരികമായും അതാത് പ്രദേശത്തിന് യോജിക്കുന്ന കാർഷിക സമ്പ്രദായങ്ങളും വിത്തുകളുമാണെന്നും ഇന്നത്തെ ഹൈബ്രിഡ് വിത്തുകളേക്കാൾ ഗുണമേന്മയുള്ള, ഉല്പാദനക്ഷമതയുള്ള ഒട്ടേറെ വിത്തുകൾ തങ്ങൾ കൃഷി ചെയ്യുന്നുണ്ടെന്നും ക്ലോസ് ടൌൺ ജില്ലയിൽ നിന്നെത്തിയ കർഷകനായ അബ്ദുൾ ജലീൽ പറഞ്ഞപ്പോൾ എല്ലാവരും കയ്യടിച്ചു.

ഏഷ്യയിലെ നെൽകൃഷി സംരക്ഷണത്തിനായി ഒരു ദശലക്ഷം ആളുകൾ ഒപ്പിട്ട് ദേശീയ സർക്കാറുകൾക്കും ലോകഭക്ഷ്യ സംഘടനക്കും നൽകുന്ന നിവേദനത്തിൽ നല്ലപാറ ഗ്രാമത്തിലെ 81 വയസ്സുള്ള അല്ലാദീൻ ബീഗം എന്ന കർഷക ആദ്യത്തെ ഒപ്പ് വച്ചു. നിവേദനത്തിൽ മൂവായിരത്തോളം ആളുകൾ ഒപ്പ് വച്ചു. നല്ലപാറയിൽ നെല്ല് ആഘോഷമായി മാറി.

1. ബംഗ്ലാദേശിലെ നയാകൃഷി ആന്ദോളനിലെ കർഷകരായ സഹോദരിമാർ ലോകത്തിന് നൽകുന്ന സന്ദേശമിതാണ്.

- നിങ്ങളുടെ വിത്ത് നിങ്ങൾ തന്നെ സൂക്ഷിക്കുക. ആധുനിക കൃത്രിമ വിത്തുകൾ ഉപേക്ഷിക്കുക.

- ജൈവ വൈവിധ്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പരിസ്ഥിതിക്കിണങ്ങുന്ന കൃഷി ചെയ്യുക. ഇതു മാത്രമാണ് മുൻപോട്ടുള്ള വഴി.

- വിത്ത് സൂക്ഷിക്കാനായി ലോകത്തുള്ള കർഷകരെല്ലാം ഒത്തു ചേരുക.

ബംഗ്ലാദേശിൽ 40 വർഷം മുൻപ് 15, 000 ത്തോളം നെൽവിത്തുകളുണ്ടായിരുന്നു. ഹരിത വിപ്ലവത്തിനിടയിൽ ഇവയിൽ മിയ്ക്കതും കൃഷിക്കാർക്ക് നഷ്ടപ്പെട്ടു നയാകൃഷി ആന്ദോളനിലെ കർഷകർ കഴിഞ്ഞ പത്ത് വർഷം കൊണ്ട് 2000 ത്തിലധികം നെൽവിത്തുകൾ കണ്ടെത്തുകയും വളർത്തുകയും ചെയ്യുന്നു.

2. തായ്‌ലന്റിലെ ജൈവകർഷകരായ സ്ത്രീകൾ പറയുന്നത് ഇതാണ്.

രാസവസ്തുക്കളും കീടനാശിനികളും ഉപേക്ഷിച്ചപ്പോൾ, വിത്ത് സൂക്ഷിയ്ക്കാൻ തുടങ്ങിയപ്പോൾ ഞങ്ങളുടെ വീടുകളിലേറെ മാറ്റം വന്നു. സ്ത്രീ പുരുഷബന്ധത്തിൽ തുല്യത, കുടുംബത്തിൽ സന്തോഷം, അയൽപക്കത്തെ വീടുകളുമായി നല്ല ബന്ധം, കുട്ടികൾക്ക് കൃഷിയിൽ താൽപര്യം, കൂടുതൽ നല്ല ഭക്ഷണം, അങ്ങിനെ പലതും.

